# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3516 — 14/10/2011-ൽ മറുപടിക്ക്

## ന്യൂനപക്ഷ ക്ഷേമ പദ്ധതി

**ചോദ്യം** — **ഉത്തരം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ മുൻ സർക്കാരിന് സംഭവിച്ച വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഘടകപദ്ധതികളിൽ ചിലത് മാത്രം നടപ്പാക്കിയെങ്കിലും നിർവ്വഹണം കാര്യക്ഷമമായിരുന്നില്ല. |
| (ബി) എങ്കിൽ ഇതു പരിഹരിച്ച് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇപ്പോൾ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ; | (ബി) പതിനഞ്ചിന പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി പുന:സംഘടിപ്പിച്ച സംസ്ഥാന സമിതിയും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ജില്ലാസമിതികളും പ്രവർത്തിക്കുന്നുണ്ട്. ടി സമിതികൾ കാലാകാലങ്ങളിൽ യോഗം ചേർന്ന് പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും ഊർജിത നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (സി) പദ്ധതിയുടെ ഭാഗമായുള്ള മൾട്ടി സെക്ടർ ഡവലപ്മെന്റ് സ്കീമിൽ ഇപ്പോൾ സംസ്ഥാനത്ത് നിന്ന് ഏതെല്ലാം ജില്ലകൾ ഉൾപ്പെടുത്തിയിട്ടുണ്ട്; | (സി) മൾട്ടി സെക്ടറൽ ഡവലപ്മെന്റ് പ്രോഗ്രാം പതിനഞ്ചിന പരിപാടിയുടെ ഭാഗമായുള്ളതല്ല. ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട 90 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിൽ സമഗ്ര അടിസ്ഥാന വികസനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന ഈ പരിപാടിയിൽ കേരളത്തിൽ നിന്നും വയനാട് ജില്ലയെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന ജില്ലക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; | (ഡി) വയനാട് ജില്ലയിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾക്കുള്ള 10 കെട്ടിടങ്ങളുടെ നിർമ്മാണം; 23 സർക്കാർ സ്കൂളുകൾക്ക് 38 അധിക ക്ലാസ്സ് മുറികളും ലബോറട്ടറി സൗകര്യവും മേപ്പാടി പോളിടെക്നിക്കിന്റെ ലാബ് നവീകരണം, പാടിച്ചിറ, നടവയൽ, പടിഞ്ഞാറേത്തറ കുപ്പാടി വില്ലേജുകളിൽ കുടിവെള്ള വിതരണ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. അനുമതി ലഭിച്ച പ്രോജക്ടുകളുടെ ആകെ അടങ്കൽ 1985 ലക്ഷം രൂപയാണ്. ഇതിൽ 1490.50 ലക്ഷം രൂപ കേന്ദ്ര വിഹിതവും 494.50 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. ഇത് കൂടാതെ ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും IT സെൽ സ്ഥാപിക്കുന്നതിന് 10.37 ലക്ഷം രൂപയുടെ പ്രോജക്ടിനും കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. |
| (ഇ) എങ്കിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, കൊല്ലം, ആലപ്പുഴ തുടങ്ങിയ ജില്ലകളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; വിശദാംശങ്ങൾ നൽകുമോ; | (ഇ) ന്യൂനപക്ഷ ക്ഷേമ പാക്കേജായ മൾട്ടി സെക്ടറൽ ഡവലപ്മെന്റ് പ്ലാൻ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ നടപ്പാക്കുന്നതിനും ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (എഫ്) ന്യൂനപക്ഷങ്ങൾ കൂടുതലുള്ള ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയിൽ നിർദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾ; വിശദാംശങ്ങൾ നൽകുമോ; | (എഫ്) ഉണ്ട്; സർവ്വശിക്ഷാ അഭിയാൻ, കസ്തൂർബാ ഗാന്ധി ബാലികാ വിദ്യാലയ സ്കീം, സമാന സർക്കാർ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിക്കുന്ന പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിശ്ചിത ശതമാനം ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിൽ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.